## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1226 03.12.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

ഭൂമി കൈയ്യേറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ച് ക്രൈംബ്രാഞ്ച് ഐ.ജി കണ്ടെത്തിയ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് |
| (ബി) | പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; | ട്രാവൻകൂർ റബർ & ടീ കമ്പനി അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായി ഐ.ജി ശ്രീ.എസ്.ശ്രീജിത് സമർപ്പിച്ച റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. (റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 1-ൽ കാണാവുന്നതാണ്) |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് സർക്കാർ പാലിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി നിയോഗിച്ച സ്പെഷ്യൽ ഓഫീസർ ശ്രീ.രാജമാണിക്യം ഐ.എ.എസ് (ഇപ്പോൾ എറണാകുളം ജില്ലാ കളക്ടർ)-നെ ഈ കേസിലും ഭൂമി ഏറ്റെടുക്കുന്നതിലേക്കായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മനുഷ്യാവകാശ കമ്മീഷന്റെ മറ്റ് ശുപാർശകളിന്മേൽ നടപടി സ്വീകരിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്കും ഇടുക്കി ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എവിടെയെല്ലാം; പ്രതിപട്ടികയിലുള്ള കയ്യേറ്റക്കാരുടെ പേരും കയ്യേറ്റത്തിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ? | ഉണ്ട്. ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള ഭൂസംരക്ഷണ നിയമത്തിലെ സെക്ഷൻ 7 പ്രകാരം 183/2015 നമ്പരായി പെരുവന്താനം പോലീസ് സ്റ്റേഷനിൽ കേസെടുത്ത് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ അന്വേഷണം നടന്നു വരുന്നു. പ്രതിപട്ടികയിലുള്ളവരുടെ വിവരം ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**